**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1980 — 04.05.2017-ൽ മറുപടിയ്ക്ക്

## ജില്ലാ സഹകരണബാങ്ക് അംഗത്വത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടവർ

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ജില്ലാ സഹകരണ ബാങ്കുകളിൽ ഏതെല്ലാം സഹകരണ ബാങ്കുകൾക്കാണ് അംഗത്വം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്; | (എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും അർബൻ സഹകരണ ബാങ്കുകൾക്കുമാണ് ജില്ലാ സഹകരണ ബാങ്കുകളിൽ അംഗത്വം നൽകാൻ തീരുമാനിച്ചിട്ടുള്ളത്. |
| (ബി) ഏതെങ്കിലും തരത്തിലുള്ള സഹകരണ ബാങ്കുകളെ അംഗത്വത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വിഭാഗത്തിലുള്ള സഹകരണ ബാങ്കുകളെയാണ് ഒഴിവാക്കിയിട്ടുള്ളത്; | (ബി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും അർബൻ സഹകരണ ബാങ്കുകളും ഒഴികെയുള്ള ഇതര വിഭാഗത്തിൽപ്പെട്ട എല്ലാ സംഘങ്ങൾ/ ബാങ്കുകളേയും വോട്ടവകാശമുള്ള അംഗത്വത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (സി) കാർഷിക ഗ്രാമ വികസന ബാങ്കുകളെ അംഗത്വം നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ എന്താണ് കാരണം; ഇവയെ ഉൾപ്പെടുത്തുന്നതിനായി ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) കാർഷിക ഗ്രാമ വികസന ബാങ്കുകളെ വോട്ടവകാശമുള്ള അംഗത്വം നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ (PACS) അപ്പക്സ് ബാങ്കാണ് ജില്ലാ സഹകരണ ബാങ്ക്. ഇവയെ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ